## വഴിവെളിച്ചം

# ഒരുങ്ങിയിരിക്കുക, ആ ദിവസത്തിനു വേണ്ടി

عَن البَرَّاءِ بنُ عَازِب رَضِي اللَّهُ عَنهُ قَالَ : بَيْنَمَا نَحْنُ مَعَ رَسُولِ اللَّهِ ﷺ: اذْ بَصَرَ بِجَمَاعَةٍ فَقَالَ:"عَلامَ اجْتَمَعَ عَلَيْهِ هَؤُلَاءِ؟" قِيلَ: على قَبْرٍ يَحْفَرُونَهُ قَالَ : فَفَزَعَ رَسُولُ اللَّهِ ﷺ فَبَدَرَ بَيْنَ يَدَيْ أَصْحَابِهِ مُسْرِعًا ، حَتّى انْتَهَى إِلَى القَبْرِ فَجَثَا عَلَيْهِ ، قَالَ: فَاسْتَقْبَلْتُهُ مِنْ بَيْنِ يَدَيْهِ لأَنْظُرَ مَا يَصْنَعُ ، فَبَكَى حَتّى بَلَّ الثَّرَى مِنْ دُمُوعِهِ ، ثُمّ أَقْبَلَ عَلَيْنَا قَالَ: "أَيْ إِخْوَانِي لِمِثْلِ اليَوْمِ فَأَعِدُّوا "

ബർറാഅ്ബ്നു ആസിബ്(റ)ൽനിന്ന്: അദ്ദേഹം പറഞ്ഞു: ഞങ്ങൾ നബി(സ)യോടൊപ്പമായിരിക്കെ ഒരു സംഘം ആളുകളെ കണ്ടു. നബി(സ) ചോദിച്ചു: "എന്തിനാണ് ഇക്കൂട്ടർ ഒരുമിച്ചുകൂടിയിരിക്കുന്നത്?" അവർ ഒരു ഖബർ കുഴിച്ചുകൊണ്ടിരിക്കുകയാണെന്ന് ആരോ മറുപടി പറഞ്ഞു. ബർറാഅ്(റ) പറയുന്നു: ഉടനെ റസൂൽ(സ) ചകിതനായി തന്റെ അനുചരന്മാരുടെ മുന്നിൽ ധൃതിയിൽ നടന്നു. അങ്ങനെ കുഴിയെടുത്തുകൊണ്ടിരുന്ന ഖബറിന്നരികിൽ ചെന്ന് മുട്ട് കുത്തിയിരുന്നു. ബർറാഅ്(റ) പറയുന്നു: "റസൂൽ(സ) എന്തു ചെയ്യുന്നുവെന്നറിയാൻ ഞാൻ മുന്നിൽ ചെന്നുനിന്നു. റസൂൽ(സ) കരയുകയായിരുന്നു. കണ്ണുനീർ കണങ്ങൾ വീണ് മണ്ണ് നനയുന്നതുവരെ അദ്ദേഹം കരഞ്ഞു. പിന്നെ ഞങ്ങളുടെ നേരെ തിരിഞ്ഞു പറഞ്ഞു: "സഹോദരങ്ങളേ, ഇത്തരമൊരു ദിവസത്തിനുവേണ്ടി നിങ്ങൾ ഒരുങ്ങിയിരിക്കുക" (അഹ്മദ് റിപ്പോർട്ടു ചെയ്തത്, *അസ്സിൽസിലത്തുസ്സ്വഹീഹ* - 1751).

**മനുഷ്യർ** അംഗീകരിച്ചാലും ഇല്ലെങ്കിലും ഖബർ ജീവിതം ഒരു യാഥാർഥ്യമാണ്. മരണത്തിനും ഉയിർത്തെഴുന്നേൽപിനുമിടയിലെ ഇടത്താവളമായി അല്ലാഹു അത് നിശ്ചയിച്ചിരിക്കുന്നു. ഖബറാളികൾ പരീക്ഷിക്കപ്പെടുന്നതിനെക്കുറിച്ചു പ്രവാചകൻ അനുസ്മരിച്ചപ്പോൾ, അനുചരന്മാർ കൂട്ടക്കരച്ചിൽ നടത്തിയത് അനസ്(റ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഉസ്മാൻ(റ) ഖബറിന്നടുത്തെത്തിയാൽ താടി നനഞ്ഞൊലിക്കും വരെ കരയാറുണ്ടായിരുന്നുവെന്ന് ഹാനിഅ്(റ) പറയുന്നു. സ്വർഗവും നരകവും പറയപ്പെട്ടാൽ പോലും കരയാത്ത താങ്കളെ ഖബർ കരയിപ്പിക്കുന്നതെന്തുകൊണ്ട് എന്ന ചോദ്യത്തിന് ഉസ്മാൻ(റ) നൽകിയ മറുപടി, "ഖബർ ആഖിറത്തിന്റെ ആദ്യപടി മാത്രം. അതിൽ രക്ഷയായാൽ എല്ലാം എളുപ്പം. അതിൽ പ്രയാസമായാലോ എല്ലാം പ്രയാസം"

എന്നാണ് (ഇബ്നുമാജ, തിര്‍മുദി).

ഓരോ വിശ്വാസിയും നമസ്കാരങ്ങളില്‍ പലവട്ടമായി ഖബര്‍ ശിക്ഷയില്‍നിന്ന് നാഥനോട ഭയം തേടുന്നത് ഖബര്‍ശിക്ഷയുടെ ഗൗരവത്തെയാണ് കാണിക്കുന്നത്. പ്രവാചകന്‍ പറഞ്ഞു: "ഖബര്‍ ഖബറാളികള്‍ക്ക് കൂരിരുട്ട് നല്‍കും. എന്നാല്‍ നമസ്കാരക്കാര്‍ക്ക് അല്ലാഹു അതിനെ പ്രകാശപൂരിതമാക്കും" (ബുഖാരി, മുസ്‌ലിം).

കുടുംബം, സ്വത്ത്, കര്‍മങ്ങള്‍ എന്നീ മൂന്നെണ്ണം മൃതദേഹത്തെ അനുഗമിക്കുമെന്നും കര്‍മങ്ങളൊഴികെ ബാക്കി രണ്ടും തിരിച്ചുപോരുമെന്നും പ്രവാചകന്‍ പഠിപ്പിച്ചു. ദൈവസ്മരണയോടും ഭക്തിയോടും കൂടി ഭൂമിയില്‍ സല്‍കര്‍മമനുഷ്ഠിച്ചവര്‍ക്ക് ഖബറില്‍ സ്വര്‍ഗീയ സുഖവും ദുഷ്കര്‍മകാരികള്‍ക്ക് നരകശിക്ഷയും അനുഭവപ്പെടുമെന്നും അവിടുന്ന് മുന്നറിയിപ്പു നല്‍കി. മയ്യിത്ത് മറമാടി കഴിഞ്ഞാല്‍ തിരുമേനി ഖബറിന്നരികെ നിന്ന് സ്വഹാബികളോട് ഖബറില്‍ മലക്കുകള്‍ ചോദ്യം ചെയ്തുകൊണ്ടിരിക്കുന്ന തങ്ങളുടെ കൂട്ടുകാരന് തസ്ബീത്തിനുവേണ്ടി പ്രാര്‍ഥിക്കാന്‍ പറയാറുണ്ടായിരുന്നു (അബൂദാവൂദ് 3221).

ഖബര്‍ സന്ദര്‍ശനം ഏറെ പുണ്യകരമായ നബിചര്യയാണ്. ഖബര്‍ സന്ദര്‍ശിക്കുക, അത് നിങ്ങളില്‍ മരണ സ്മരണയുണര്‍ത്തുമെന്ന് പ്രവാചകന്‍ പഠിപ്പിച്ചു (മുസ്‌ലിം, ഇബ്നുമാജ 1591). ഖബറുകള്‍ ഹൃദയങ്ങളെ ലോലമാക്കുമെന്നും കണ്ണിനെ കരയിപ്പിക്കുമെന്നും പരലോകത്തെ ഓര്‍മിപ്പിക്കുമെന്നും റസൂല്‍(സ) പറഞ്ഞു (ഹാകിം).

സ്വഹാബികളും പൂര്‍വികരായ സച്ചരിതരും ഖബറിലെ ഏകാന്ത ജീവിതത്തെ വളരെ ഗൗരവത്തില്‍ കണ്ടിരുന്നു. മഹാനായ ഹിഷാമുദ്ദസ്തവാനി(റ) ഒരു രാത്രി കുടുംബത്തോടൊപ്പം സംസാരിച്ചുകൊണ്ടിരിക്കെ കത്തിക്കൊണ്ടിരുന്ന വിളക്ക് പെട്ടെന്ന് ഊതിയണച്ചു. ഇത് കണ്ട പ്രിയപത്നി കാര്യമന്വേഷിച്ചപ്പോള്‍ അദ്ദേഹം പറഞ്ഞത്, താന്‍ ഖബറിലെ കൂരിരുട്ട് ഓര്‍ക്കാനാണിത് ചെയ്തതെന്നാണ്.

ഇബ്നു മസ്ഊദി(റ)ന്റെ ശിഷ്യനായ റബീഅ്ബ്നു ഹശീ(റ) തന്റെ വീട്ടില്‍ കൃത്രിമ ഖബര്‍ കുഴിച്ചു വെച്ചിരുന്നു. സല്‍കര്‍മങ്ങള്‍ ചെയ്യാന്‍ ഉത്സാഹക്കുറവുണ്ടെന്ന് തോന്നുമ്പോള്‍ അദ്ദേഹം ഖബറിലിറങ്ങിക്കിടക്കും. തുടര്‍ന്ന്

حَتَّىٰٓ إِذَا جَآءَ أَحَدَهُمُ ٱلْمَوْتُ قَالَ رَبِّ ٱرْجِعُونِ
لَعَلِّىٓ أَعْمَلُ صَـٰلِحًا فِيمَا تَرَكْتُ

എന്ന ഖുര്‍ആന്‍ സൂക്തം ഓതും. തുടര്‍ന്ന് അദ്ദേഹം സ്വന്തത്തോട് പറയും: "റബീഅ്, നിന്നെ നാം മടക്കിയിരിക്കുന്നു. വീണ്ടും തിരിച്ചുവിളിക്കും മുമ്പേ സല്‍കര്‍മങ്ങള്‍ ചെയ്തുകൊള്ളുക." പഠിക്കാനും ഉള്‍ക്കൊള്ളാനും വേണ്ടത്രയുണ്ട് ഈ രണ്ട് ചരിത്ര സംഭവങ്ങളിലും. ■

**ലത്തീഫ് പൊയില്‍താഴം**